# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2017 ഏപ്രിൽ 25, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ സംസ്ഥാന ബജറ്റ് നിർദ്ദേശങ്ങളുടെ അവലോകനം

ചോദ്യം
നം 65
ശ്രീ.വി.ഡി.സതീശൻ

ഉത്തരം
ശ്രീ. പിണറായി വിജയൻ
ബഹു .മുഖ്യമന്ത്രി

| | |
|---|---|
| 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ സംസ്ഥാന ബജറ്റ് നിർദ്ദേശങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അവലോകനം നടത്തിയത്; അവലോകനത്തിലെ പ്രമുഖ നിഗമനങ്ങൾ വിശദമാക്കാമോ; | ഈ വിഷയത്തിൽ നിരന്തരമായി നിരീക്ഷണം നടത്തുന്നുണ്ട്. പുതുക്കിയ ബജറ്റ് നിർദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് 2016-17-ലെ ഭേദഗതി പത്രിക, ഒന്നും രണ്ടും ഉപധനാഭ്യർത്ഥന സർക്കുലറുകൾ പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ തുടങ്ങുന്നതിന് ആവശ്യമായ ശീർഷകവും തുകയും അനുവദിച്ചിട്ടുണ്ട് . ബന്ധപ്പെട്ട വകുപ്പുകൾ ബജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഏതെങ്കിലും വകുപ്പ് ഏതെങ്കിലും ബജറ്റ് നിർദ്ദേശം നടപ്പാക്കുന്നതിന് വീഴ്ചവരുത്തിയിട്ടുള്ളതായി വിലയിരുത്തപ്പെടുകയുണ്ടായോ; വിശദമാക്കുമോ; | വീഴ്ചവരുത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ; | ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും നിർവഹണം ആരംഭിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| ഭരണാനുമതി നൽകുന്നതിനപ്പുറം നിർവ്വഹണം നടന്നിട്ടില്ലാത്ത ബജറ്റ് നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് അവലോകനം ചെയ്യുകയുണ്ടായോ; വിശദമാക്കുമോ; | ഭൂരിഭാഗം പദ്ധതികളുടെയും നിർവഹണം നടന്നു വരുന്നു. |

| | |
|---|---|
| പദ്ധതി അടങ്കലിന്റെ എത്ര ശതമാനം കഴിഞ്ഞ സാമ്പത്തിക വർഷം വരെ ചെലവഴിക്കുകയുണ്ടായി ; ഇതു മുൻ വർഷം ഇതേ കാലയളവിൽ എത്ര ശതമാനമായിരുന്നു എന്ന് വ്യക്തമാക്കുമോ ? | 2016-17 സാമ്പത്തിക വർഷം പദ്ധതി അടങ്കലിന്റെ (30,534.17 കോടി രൂപ ) 75% (താല്ക്കാലികം ) ചെലവഴിക്കുകയുണ്ടായി . ഇതു മുൻ വർഷം ഇതേ കാലയളവിൽ പദ്ധതി അടങ്കലിന്റെ (27,720.32 കോടി രൂപ ) 73% ആയിരുന്നു. |

അക്കൗണ്ട്സ് ഓഫീസർ